LIBRARY ARCHIVES Kerala Legislative Assembly

കേരള ഹൈക്കോടതിയിലെ നിയമനം

39 (3544) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ശമ്പളം നൽകുന്ന ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സർക്കാർ ശ്രദ്ധിക്കാറുണ്ടോ;

(ബി) കേരള ഹൈക്കോടതിയിൽ ആകെ എത്ര സ്ഥിരം, താൽക്കാലിക ജോലിക്കാരുണ്ടെന്ന് ഇനം തിരിച്ച് അറിയിക്കുമോ;

(സി) ഏതൊക്കെ രീതിയിലാണ് ഇവിടെ നിയമനം നടത്തുന്നത്;

(ഡി) ന്യായാധിപൻമാർ നേരിട്ട് സ്ഥിരം നിയമനം നൽകിവരുന്നുണ്ടോ; ഇത്തരം ജീവനക്കാരുടെ ജോലി എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഇ) ഹൈക്കോടതി നിയമനം പി.എസ്.സി.ക്ക് വിടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) ഹൈക്കോടതി സർവ്വീസ് റൂൾസ് 2007-ലെ വ്യവസ്ഥകൾ പ്രകാരമാണ് ഹൈക്കോടതിയിലെ നിയമനങ്ങൾ നടത്തുന്നത്.

(ഇ) ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 229 പ്രകാരം ഹൈക്കോടതിയിലേയ്ക്കുള്ള നിയമനാധികാരം ചീഫ് ജസ്റ്റിസിൽ നിക്ഷിപ്തമായതിനാൽ ആയതിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

പുനലൂർ സബ്കോടതിക്ക് ഭരണാനുമതി

40 (3545) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സബ്കോടതികൾ അനുവദിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പുനലൂർ സബ്കോടതിക്ക് ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പുനലൂർ സബ്കോടതി അനുവദിക്കണം എന്ന സബ്മിഷന് ബഹു.മുഖ്യമന്ത്രി നൽകിയ മറുപടി പരിഗണിച്ച് ബഹു. ഹൈക്കോടതിയുടെ അംഗീകാരത്തോടെ സബ്കോടതിയുടെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.